# Kerala Private College Teacher

1994 March
No. 118

## വഞ്ചനയുടെ തുടർക്കഥ

പകുതിയോളം കോളേജ് അധ്യാപകരെ സ്കൂളിലേയ്ക്കു പറഞ്ഞുവിടാൻ കെ പി സി ടി യു എന്ന 'അദ്ധ്യാപക സംഘടന' സമ്മതിച്ചിരിക്കുന്നു! കെ പി സി ടി യു സർക്കാരിന് നല്കിയ മെമ്മോറാണ്ഡത്തിലെ വാചകമാണ് താഴെ കൊടുക്കുന്നത്:

iv. to send willing teachers to the +2 on deputation basis

v. give teachers the opportunity to exercise option to go to +2 accomodating as for as possible the choice of their station 'home college'.

ഈ സംഘടനയ്ക്ക് യാതൊരു 'രാഷ്ട്രീയ' വുമില്ലെന്ന് നമ്മാം മനസ്സിലാക്കണം! കേരള യൂണിവേഴ്സിററി സിൻഡിക്കേററിൽ അധ്യാപകരുടെ സ്ഥലംമാററ നിയമം വോട്ടിനിട്ടപ്പോൾ കെ പി സി ടി യു പ്രതിനിധി നിയമം പാസ്സാക്കുന്നതിനെതിരേ ഭരണ പ്രതിധികളോടൊപ്പം വോട്ടു ചെയ്തു. ഒരോട്ടിന് നിയമം പരാജയപ്പെട്ടു. കെ പി സി ടി യുവിന് യാതൊരു 'രാഷ്ട്രീയ' ബന്ധവും ഇല്ല!

## സ്ഥലംമാററത്തിൽ പ്രതിഷേധിച്ച് ധർണ



അന്യായമായ സ്ഥലം മാററത്തിൽ പ്രതിഷേധിച്ച് അധ്യാപകർ നെൻമാറ കോളേജിനു മുമ്പിൽ ഫെബ്രുവരി 24ന് ധർണ നടത്തുന്നു.

# സംസ്ഥാനസമ്മേളനം വിജയിപ്പിക്കുക

എകെപിസിടിഎയുടെ 36-ാം സംസ്ഥാനസമ്മേളനം മാർച്ച് 25, 26, 27 തീയതികളിൽ കോഴിക്കോട്ട് നടക്കുകയാണ്. കോളേജധ്യാപകർ കടുത്ത വെല്ലുവിളികളെ നേരിടുന്നൊരു കാലഘട്ടത്തിലാണ് നമ്മുടെ സമ്മേളനം ചേരുന്നത്. ഗവൺമെൻറിൻെറ വികലവും, ദൂരക്കാഴ്ചയില്ലാത്തതുമായ വിദ്യാഭ്യാസനയങ്ങളുടെ ദുരന്തഫലം അധ്യാപകൻെറ തലയിൽ വന്നുവീഴുന്നു. പകുതിയോളം കോളേജധ്യാപകരെ സ്കൂളിലേയ്ക്ക് പറഞ്ഞുവിടാനുള്ള തന്ത്രങ്ങൾ കുറേക്കാലമായി സർക്കാർ മെനഞ്ഞെടുക്കുന്നുണ്ട്. എല്ലാ ജനാധിപത്യാവകാശങ്ങളേയും കശാപ്പുചെയ്യുന്ന ഏകീകൃതസർവ്വകലാശാലാനിയമത്തിൻെറ ഭീഷണി നിലനിൽക്കുന്നു. വാളെടുത്തവരെല്ലാം വെളിച്ചപ്പാടെന്നുപറഞ്ഞപോലെയാണ് ഉന്നതവിദ്യാഭ്യാസരംഗത്തെ ഭരണമണ്ഡലം. സർക്കാരും, യൂണിവേഴ്സിററിയും, ഡി. സി. ഇ. യും ഡെപ്യൂട്ടി ഡി. സി. ഇ. മാരുമൊക്കെ തലങ്ങും വിലങ്ങും ഉത്തരവുകൾ ചമച്ച് പരമാവധി ആശയക്കുഴപ്പം സൃഷ്ടിക്കുകയാണ്.

കേന്ദ്രഗവൺമെൻറിൻെറ പുതിയ സാമ്പത്തികനയങ്ങൾ മറെറല്ലാരംഗത്തുമെന്നപോലെ സർവ്വീസ്മേഖലയിലും ഭീഷണി ഉയർത്തുന്നു. ഉദാരവൽക്കരണവും, സ്വകാര്യവൽക്കരണവും, ആഗോളവൽക്കരണവും വിദ്യാഭ്യാസമേഖലയെ ആണ് പെട്ടെന്നു കടന്നുപിടിക്കുന്നത്. സേവന-വേതന രംഗങ്ങളിൽ നമ്മൾ പോരാടി നേടിയെടുത്തതൊക്കെ ഇല്ലായ്മചെയ്യാനാണ് നീക്കം. രണ്ട് സ്വകാര്യ ഇഞ്ചിനീയറിംഗ് കോളേജുകൾക്ക് ന്യൂനപക്ഷപദവി നൽകുന്ന പ്രശ്നം, സ്വാശ്രയകോളേജുകൾ, ആട്ടോണമസ് കോളേജുകൾ-ഇതൊക്കെ വരാൻപോകുന്ന അപകടങ്ങളുടെ സൂചനകളാണ്; അവ്യവസ്ഥിതമായിരുന്ന പഴയ കാലഘട്ടത്തിലേയ്ക്ക് നമ്മെ തള്ളിവിടാനുള്ള ശ്രമമാണിത്.

സ്വകാര്യകോളേജധ്യാപകരുടെ പ്രശ്നങ്ങൾ ഒററപ്പെട്ടതല്ല. രാജ്യത്തെ മൊത്തം പ്രശ്നങ്ങളുമായി ബന്ധപ്പെട്ടാണ് അതുണ്ടാകുന്നത്. ഈ കാഴ്ചപ്പാടോടെ കാര്യങ്ങൾ കാണാൻ കഴിയുന്ന ഏകസംഘടന എകെപിസിടിഎ മാത്രമാണ്. ഈ രംഗത്ത് കടലാസുസംഘടനകൾ നിരവധിയുണ്ടെങ്കിലും അധ്യാപകതാൽപര്യം സംരക്ഷിക്കാൻ അവർക്കാർക്കും കഴിയുന്നില്ല. ഏകീകൃതനിയമത്തെ സ്വാഗതംചെയ്തുകൊണ്ട്, അധ്യാപകരെ സ്കൂളുകളിലേയ്ക്കു പറഞ്ഞുവിടാൻ സർക്കാരിന് ചൂട്ടുപിടിച്ചുകൊടുക്കുകയാണ് മറെറല്ലാ സംഘടനകളും. അധ്യാപകരുടെ സ്ഥലംമാററനിയമത്തെ സിൻഡിക്കേററിൽ ഒരൊററ വോട്ടിന് പരാജയപ്പെടുത്തിയതാണ് അവരുടെ ചരിത്രം.

വെല്ലുവിളികൾ നിറഞ്ഞ ഈ കാലഘട്ടത്തോടു പ്രതികരിക്കാൻ സംഘടനയെ കൂടുതൽ ശക്തമാക്കേണ്ടതുണ്ട്. പുതിയ മുന്നേററങ്ങൾക്ക് വഴിതുറക്കാൻ കോഴിക്കോട്ട് ഒത്തുചേരുന്ന എകെപിസിടിഎ പ്രവർത്തകർക്ക് അഭിവാദനങ്ങൾ. □

---


എഡിററർ
വി. എൻ. മുരളി

മാനേജിംഗ് എഡിററർ
കെ. പി. ദിവാകരൻനായർ

പത്രാധിപസമിതി
വി. നാരായണൻകുട്ടി, കെ. സദാശിവൻനായർ, പി. ജി. ചന്ദ്രശേഖരൻനായർ,
സി. ജെ. ശിവശങ്കരൻ, ടി. എൻ. മനോഹരൻ, ജെ. ചന്ദ്ര, രാജേന്ദ്രൻ, ജോണി. കെ. ജോൺ,

വിലാസം എഡിററർ :-വസന്തം, ചെമ്പകശേരി നഗർ, കേശവദാസപുരം, തിരു., ഫോൺ : 442242
മാനേജിംഗ് എഡിററർ :- അശ്വതി, എൽ. ഐ. സി. ലയിൻ 'ബി', പട്ടം, ഫോൺ : 432505

പ്രൊഫ. വി. നാരായണൻകുട്ടി
പ്രസിഡന്റ്, എ കെ പി സി ടി എ

# ആത്മവിശ്വാസത്തോടെ മുന്നോട്ട്

സ്വകാര്യ കോളേജധ്യാപകർ നിരന്തരസമരങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങളുടെമേലുള്ള കേരള സർക്കാരിന്റെ കടന്നുകയറ്റം അനുദിനം ശക്തിപ്പെട്ടുകൊണ്ടിരിക്കയാണ്. നേടിയെടുത്തനുഭവിച്ചുവരുന്ന, നിലനിൽപിനാധാരമായ അവകാശങ്ങൾ കവർന്നെടുക്കാനാണ് 35-ാം സമ്മേളനത്തിനുശേഷമുള്ള ഒരു വർഷം സർക്കാർ ശ്രമിച്ചത്. അതുകൊണ്ടുതന്നെ നേടിയെടുത്ത അവകാശങ്ങൾ സംരക്ഷിക്കാനുള്ള ശക്തമായ ചെറുത്തുനിൽപിന്റെ സമരതന്ത്രമാണ് കഴിഞ്ഞവർഷം സംഘടന അവലംബിച്ചത്. ഈ ചെറുത്തുനിൽപ് സമരത്തിലുണ്ടായ അനുഭവങ്ങൾ വരാനിരിക്കുന്ന ഭീഷണികൾ നിർഭയം നേരിടാനുള്ള ആത്മവിശ്വാസം സംഘടനക്ക് പകർന്നുതരുന്നുണ്ട്.

ഈ അധ്യയനവർഷം ആരംഭിച്ചത്തന്നെ സർവ്വകലാശാലകളുടെ അധികാരമേഖലക്കകത്ത് സർക്കാരിന്റെ കടന്നാക്രമണത്തോടെ ആയിരുന്നു. സർവ്വകലാശാലയുടെ അധികാരപരിധിയിൽപെടുന്ന അധ്യാപകരുടെ അക്കാദമിക് പ്രവർത്തനങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും ഒരു സർക്കാർ ഉത്തരവിലൂടെ ഏറ്റെടുക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശ്രമിക്കുകയുണ്ടായി. സർക്കാരിന്റെ ഈ നടപടിക്ക് നിയമത്തിന്റെയോ ഔചിത്യത്തിന്റെയോ പിൻബലമില്ലെന്ന് സംഘടന ബോധ്യപ്പെടുത്തിയപ്പോൾ ശമ്പളം നൽകുന്ന സർക്കാരിന് ശമ്പളക്കാരുടെ ജോലി നിരീക്ഷിക്കാനും വിലയിരുത്താനുമുള്ള അധികാരമുണ്ടെന്നായിരുന്നു സർക്കാർ നിലപാട്. അധ്യാപകരുടെ ജോലി ശാസ്ത്രീയമായ രീതിയിൽ വിലയിരുത്തപ്പെടണമെന്ന കാര്യത്തിൽ നമുക്ക് അഭിപ്രായവ്യത്യാസമില്ല. എന്നാൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നീക്കത്തെ താഴെ പറയുന്ന കാരണങ്ങളാൽ സംഘടന എതിർത്തു.

1 സർക്കാരല്ല, സർവ്വകലാശാലയാണ് നിരീക്ഷണവും വിലയിരുത്തലും നടത്തേണ്ടത്.

2 വിലയിരുത്തൽ നടത്താനുള്ള അധികാരമോ സംവിധാനമോ സർക്കാരിന് ഇല്ല.

3 വികലവും അശാസ്ത്രീയവും തെററി
ദ്ധാരണാജനകവുമായ രീതിയിലുള്ള വിലയി
രുത്തലിനാണ് കോളേജ് വിദ്യാഭ്യാസ ഡയറ
ക്ടർ തുനിഞ്ഞത്.

ഈ നീക്കത്തിന്റെ അപര്യാപ്തതയും അശാ
സ്ത്രീയതയും അനധികൃതസ്വഭാവവും കോ
ളേജ് വിദ്യാഭ്യാസ വകുപ്പധികാരികളുടെ ശ്ര
ദ്ധയിൽപ്പെടുത്തിയപ്പോഴും തെററായ നില
പാട് തിരുത്താൻ അവർ തയ്യാറായില്ല. സർ
ക്കാരിന്റെ ഈ കടന്നാക്രമണം മൂന്ന് സർവ്വ
കലാശാലകളുടെയും ശ്രദ്ധയിൽ നിരന്തരം
കൊണ്ടുവരികയും ഇത് സർവ്വകലാശാല ചെ
യ്യേണ്ടതാണെന്നും നന്നായി ചെയ്യാവുന്നതാ
ണെന്നും സർവ്വകലാശാല അധികാരികളെ ബോ
ദ്ധ്യപ്പെടുത്താൻ സംഘടന ശ്രമിച്ചതിന്റെ ഫ
ലമായി കോഴിക്കോട് സർവ്വകലാശാല ഇക്കാര്യ
ത്തിൽപ്രായേണ സ്വാഗതാർഹമായ ചില തീരു
മാനങ്ങളെടുക്കുകയുണ്ടായി. അദ്ധ്യാപക സം
ഘടനാപ്രതിനിധികളുമായ് കോഴിക്കോട് സ
ർവ്വകലാശാല അധികൃതർ നടത്തിയ ചർച്ച ഈ
തീരുമാനങ്ങളെടുക്കുന്നതിൽ നിർണായക പങ്കു
വഹിച്ചു. കേരള സർവ്വകലാശാലാ വൈസ്
ചാൻസലർ, വിലയിരുത്തൽ നടത്തേണ്ടത് സർ
വ്വകലാശാലയാണെന്ന് അംഗീകരിച്ചു കഴിഞ്ഞി
ട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലാ
അധികൃതർക്ക് ഇതിനൊന്നും സമയമില്ലെന്ന്
തോന്നുന്നു. അവർ 'ഡോക്ടർ' ബിരുദം നൽ
കുന്ന തിരക്കിലാണ്! ഏതായാലും സർവ്വക
ലാശാലകളുടെ അധികാരപരിധിയിൽ അനധി
കൃതമായ പ്രവേശനം നടത്തിയ സർക്കാരിന്
നമ്മുടെ ശക്തമായ എതിർപ്പിനെ തുടർന്ന്
പിൻമാറേണ്ടിവന്നു എന്നതാണ് വസ്തുത.

അദ്ധ്യയന വർഷാരംഭത്തിൽതന്നെ അ
ദ്ധ്യാപകരുടെ ജോലിഭാരം സംബന്ധിച്ച്
യാതൊരു ഔചിത്യബോധവും കാണിക്കാതെ
സർക്കാർ ഒരു ഉത്തരവ് ഇറക്കുകയുണ്ടായി.
നിലവിലുള്ള സർവ്വകലാശാലാനിയമം അനുസ
രിച്ച് അദ്ധ്യാപകരുടെ അദ്ധ്യാനഭാരം സംബ
ന്ധിച്ച് 'ഓർഡിനൻസുകൾ' ഇറക്കേണ്ടത്
സർവകലാശാല സിണ്ടിക്കേററുകളുടെ അധികാ
രമാണ്. ഇതൊന്നും ഉന്നതവിദ്യാഭ്യാസ വകു
പ്പിലെ തലതിരിഞ്ഞ ഉദ്യോഗസ്ഥർക്കും
ബഹു. മന്ത്രിക്കും ബാധകമല്ലെന്ന് തോന്നുന്നു.
സർവ അധികാരങ്ങളും കൈയിലൊതുക്കാനു
ള്ള ഒരു ബില്ലാണ് ബഹു:മന്ത്രി നിയമസഭ
യിൽ അവതരിപ്പിച്ചിട്ടുള്ളത്.

കേരള, കാലിക്കററ് സർവകലാശാലകൾ
യു.ജി.സി.പദ്ധതിയുടെ നിർദ്ദേശങ്ങൾക്ക
നുസരിച്ച് അദ്ധ്യാപക ജോലിഭാരം സംബ
ന്ധിച്ച ഓർഡിനൻസുകൾ ഭേദഗതിചെയ്ത്
ചാൻസലറുടെ അംഗീകാരത്തിനയച്ചിരുന്നു. അ
തിന് അംഗീകാരം നൽകുകയായിരുന്നു നിയമ
ബോധവും, ഔചിത്യബോധവുമുള്ള ഒരു സർ
ക്കാർ ചെയ്യേണ്ടിയിരുന്നത്. അതിനുപകരം ഒരു
ഉത്തരവിലൂടെ ഇല്ലാത്ത അധികാരം ഉപയോഗി
ക്കാനാണ് സർക്കാർ ശ്രമിച്ചത്. സംഘടന ഈ
നീക്കത്തെ ചോദ്യംചെയ്യുകയും, ഉത്തരവ് പിൻ
വലിക്കണമെന്നും സർവകലാശാല സിൻഡി
ക്കേററുകൾ അംഗീകാരത്തിനായി സമർപ്പിച്ച ഓ
ർഡിനൻസ് ഭേദഗതികൾ സ്വീകരിക്കണമെന്ന്
ആവശ്യപ്പെടുകയും ചെയ്തു. ഇത് സംബ
ന്ധിച്ച് നടത്തിയ നിരന്തര നിവേദനങ്ങൾ
നിഷ്ഫലമെന്ന് കണ്ടപ്പോൾ സംഘടന പ്ര
ക്ഷോഭമാർഗത്തിലേക്ക് തിരിഞ്ഞു. പ്രതി
ഷേധദിനത്തിൽനിന്നാരംഭിച്ച് സെക്രട്ടേറിയററ്
നടയിലെ കൂട്ടഉപവാസംവരെ നടന്നുകഴിഞ്ഞ
തോടെ സർക്കാരിന് വിവേകമുദിക്കുകയും
ഇതു സംബന്ധിച്ച ചില നിർദ്ദേശങ്ങൾ
മുന്നോട്ടുവെച്ച് അവ ഉൾപ്പെടുന്ന തരത്തിൽ
ഓർഡിനൻസുകൾ ഭേദഗതിചെയ്യാൻ സർക്കാർ
സിണ്ടിക്കേററുകളോട് ആവശ്യപ്പെടുകയും ചെ
യ്തിരിക്കയാണ്. സർക്കാറിന്റെ നിർദ്ദേ
ശങ്ങൾ എല്ലാം സ്വീകരിക്കാവുന്നവയല്ലെങ്കിലും
ഇത്തരം കാര്യങ്ങൾ സർവകലാശാലകളുടെ
അധികാരപരിധിയിൽ വരുന്നതാണെന്ന്
അംഗീകരിക്കപ്പെട്ടത് സ്വാഗതാർഹമാണ്.

സ്ഥാപനങ്ങൾക്ക് അഫിലിയേഷൻ നൽ
കൽ സർവകലാശാലകളുടെ ചുമതലയാണ്.
സാമ്പത്തികബാദ്ധ്യതയുള്ള കാര്യങ്ങളിൽ സർ
ക്കാരിന്റെ ഇംഗിതമറിയണമെന്നത് ശരിതന്നെ.
പക്ഷെ ഇക്കാര്യത്തിൽ അവസാന തീരുമാനം
സർവകലാശാലകളുടേതാണെന്നതിൽ തർക്ക
മില്ല. സർവകലാശാലകളുടെ സോപാധിക
മായ പരമാധികാരം വകവച്ചുകൊടുക്കാൻ തയ്യാ
റില്ലാത്ത സർക്കാർ ഇത് സംബന്ധിച്ച് നില
വിലുള്ള നിയമങ്ങൾ നഗ്നമായി ലംഘിക്കുക
യാണ്. ഇത്തവണ വിവിധ കോളേജുകളിലാ
യി അനുവദിക്കപ്പെട്ട കോഴ്സുകളിൽ ചിലതെ
ങ്കിലും കോളേജധികൃതർ സർവകലാശാലക
ളോട് ആവശ്യപ്പെടാത്തവയാണെന്നത് ഇക്കാര്യ
ത്തിലുള്ള സർക്കാർ ഇടപെടലുകൾ വ്യക്തമാ
ക്കുന്നു. സർവകലാശാലകളുടെ സ്വയംഭര
ണത്ത ചവിട്ടിമെതിക്കുന്ന സർക്കാർനീക്കത്തെ

# സ്ഥലം മാററമാനദണ്ഡത്തിനുവേണ്ടി N S S കോളേജുകളിൽ ധർണ

അധ്യാപകരുടെ കുടുംബജീവിതം തകർക്കുന്ന തരത്തിലുള്ള സ്ഥലംമാററങ്ങൾ എൻ. എസ്. എസ്. മാനേജ്മെന്റ് ഇപ്പോഴും തുടരുകയാണ് അതിനെതിരെ എല്ലാം എൻ. എസ്. എസ്. കോളേജുകളിലും എ കെ പി സി ടി എയുടെ നേതൃത്വത്തിൽ അധ്യാപകർ ധർണനടത്തി. എസ് എൻ കോളേജുകളിലും, ദേവസ്വം ബോർഡുകോളേജുകളിലും ഏറെക്കുറെ ഇൻട്രാനോംസനുസരിച്ചുള്ള സ്ഥലംമാററം നടക്കുമ്പോൾ എൻ. എസ്. എസ്. മാനേജുമെന്റുമാത്രമാണ് പഴയ മാടമ്പിത്തം തുടരുന്നത്. ഇതിനെതിരെയുള്ള അധ്യാപകരുടെ ശക്തമായ പ്രതിഷേധമായിരുന്നു മാർച്ച് ഒന്നിനു നടന്ന ധർണ

വ്യക്തമായ മാനദണ്ഡമനുസരിച്ച് സ്ഥലംമാററം നടത്താൻ മാനേജ്മെന്റു തയ്യാറാകുന്നില്ലെങ്കിൽ സമരം എ കെ പി സി ടി എ ശക്തിപ്പെടുത്തുമെന്ന് മാനേജ്മെന്റിന് മുന്നറിയിപ്പുനല്കിയിട്ടുണ്ട്.

എതിർക്കുന്നതിനുപകരം അതിനു വഴിയൊരുക്കുന്ന വെറും ചെരുപ്പുകളായി നമ്മുടെ വൈസ് ചാൻസലർമാർ അധഃപതിച്ചിരിക്കുന്നുവെന്നതാണ് ഏററവും ദുഃഖകരം. സർവകലാശാല നിയമങ്ങളും ചട്ടങ്ങളും ഉയർത്തിപ്പിടിക്കാനുള്ള എല്ലാ അധികാരങ്ങളും വൈസ് ചാൻസലർമാർക്കുണ്ട്. പക്ഷെ ആ അധികാരങ്ങൾ ഉപയോഗിച്ച് സർവകലാശാലകളുടെ സ്വയംഭരണം സംരക്ഷിക്കുന്നതിലല്ല. മറിച്ച് സ്വയംഭരണം വിലപേശി വിററു തൻകാര്യങ്ങൾ നേടുന്നതിലാണ് അവർക്കു താൽപര്യം. സർക്കാരിന്റെ കടന്നാക്രമണം ചെറുത്ത് സർവകലാശാലകളുടെ സ്വയംഭരണം സംരക്ഷിക്കാൻ ശ്രമിക്കുന്ന വൈസ്ചാൻസലർമാരുടെ ദുര്യോഗം കൊച്ചി സർവകലാശാല വൈസ്ചാൻസലർ ഡോ. മഹേശ്വരിയുടെ അനുഭവം വെളിപ്പെടുത്തുന്നു- സർവകലാശാല നിയമം ലംഘിച്ച് സർക്കാർ നിർദ്ദേശം നടപ്പിലാക്കാൻ വിസമ്മതിച്ച അദ്ദേഹത്തിന് തന്റെ സ്ഥാനം രാജിവെച്ചുകൊണ്ടേ വൈസ്ചാൻസലറുടെ പദവിയുടെ അന്തസ് സംരക്ഷിക്കാൻ കഴിഞ്ഞുള്ളൂ. അന്തസും ആർജവവും നിയമപരിപാലനപ്രതിബദ്ധതയുമുള്ളവർക്കുള്ളതല്ല കേരളത്തിലെ സർവകലാശാലകളുടെ വൈസ്ചാൻസലർപദവി എന്നത് കൂടുതൽ കൂടുതൽ വ്യക്തമായി വരികയാണ്.

ഏറെ വിവാദം സൃഷ്ടിച്ച ടി. കെ. എം., മാർ അത്തനേഷ്യസ് എഞ്ചിനീയറിംഗ് കോളേജുകളുടെ ന്യൂനപക്ഷപദവി പ്രശ്നം സർക്കാരിന്റെ ചാഞ്ചാട്ടത്തിന്റെയും മാനേജുമെന്റുകളുമായി നടത്തിയ കള്ളക്കളികളുടെയും ഫലമാണ്. വാസ്തവത്തിൽ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകൾ അടക്കം എല്ലാ സ്വകാര്യകോളേജുകളും സർക്കാരും മാനേജുമെന്റുകളും തമ്മിൽ ഉണ്ടാക്കിയ നേരിട്ടുശമ്പളം വ്യവസ്ഥചെയ്യുന്ന കരാറനുസരിച്ച് പ്രവർത്തിക്കുവാൻ ബാദ്ധ്യസ്ഥരാണ്. നിരവധി അദ്ധ്യാപക വിദ്യാർത്ഥി പ്രക്ഷോഭണങ്ങളുടെ ഫലമാണ് ഈ കരാർ. അധ്യാപക നിയമനത്തിലും വിദ്യാർത്ഥി പ്രവേശനത്തിലും വ്യക്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഈ കരാർ കഴിഞ്ഞ 22 വർഷമായി യാതൊരു ഉരസലുമില്ലാതെ നിലനിന്നുവരുന്നു. ഇത്തരത്തിലുള്ള കരാറിന്റെ കാര്യം പരമോന്നത നീതിപീഠത്തിൽനിന്നും മറച്ചു പിടിച്ചസർക്കാർ മാനേജുമെന്റുകൾക്ക് വ്യാപകമായി അഴിമതി നടത്താനുള്ള അരങ്ങൊരുക്കുകയായിരുന്നു. ഈ കേസിൽ കക്ഷിചേർന്ന സംഘടനയാണ് കരാറിന്റെ കാര്യം സുപ്രീം കോടതിയെ അറിയിച്ചത്. കോടതി കേരള സർക്കാരിനെതിരെ നടത്തിയ വിമർശനം ആത്മാഭിമാനമുള്ള

(ശേഷം 24-ാം പേജിൽ)

ഡോ. കെ. സോമൻ*

# പരീക്ഷയെ എങ്ങനെ മൂല്യനിർണ്ണയോപാധിയാക്കാം?

## വിദ്യാഭ്യാസ പ്രക്രിയയുടെ അർത്ഥവ്യാപ്തിയും മൂല്യനിർണ്ണയവും

ശാസ്ത്രീയമായി സംവിധാനം ചെയ്ത ഒരു വികസന പ്രവർത്തനമാണ് വിദ്യാഭ്യാസം എന്നതാണല്ലോ ആധുനിക സങ്കല്പം. മനുഷ്യവിഭവശേഷി വികസനം എന്നു വിദ്യാഭ്യാസത്തെ വിശേഷിപ്പിക്കുന്നത് ഈ സങ്കല്പത്തിന്റെ അടിസ്ഥാനത്തിലാണ്. രണ്ടുതരത്തിലാണ് ഈ സങ്കല്പം അർത്ഥവത്താകുന്നത്. ഒന്നാമത്, വിദ്യാഭ്യാസം പഠിതാവിന്റെ സർവതോമുഖമായ വികസനത്തിന് സഹായകമാകണം. വ്യക്തിയുടെ കായികവും ബൗദ്ധികവും വൈകാരികവും സാമൂഹികവും സാംസ്കാരികവും നൈപുണീപരവുമായ എല്ലാ

*എകെപിസിടിഎ — എകെജിസിടി സംഘടനകളുടെ നേതൃത്വത്തിൽ കേരളായൂണിവേഴ്സിറ്റീസ് ബിൽ '93'യെസംബന്ധിച്ച് തൃശ്ശൂർ നടന്ന അഞ്ചാമത്തെ സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം*

ശേഷികളെയും ഭാവങ്ങളെയും വികസിപ്പിക്കുന്നത് ശരിയായി സംവിധാനം ചെയ്ത വിദ്യാഭ്യാസത്തിലൂടെയത്രെ. സർവതോമുഖമായ ഈ വികസനത്തിന്റെ ഫലമായി വ്യക്തി ശരിക്കും ഉത്പാദനക്ഷമതയുള്ള ഒരു പ്രതിഭാസമായിമാറുന്നു. ഈ മാററം ഉണ്ടായാൽ അയാളുടെ ഉത്പാദനക്ഷമത, സമൂഹത്തിന്റെ വികസനത്തിനുള്ള ഊർജ്ജമായി പരിവർത്തനം ചെയ്യപ്പെടുകയും അങ്ങനെ വിദ്യാഭ്യാസം പരോക്ഷമായി സമൂഹത്തിന്റെ വികസനത്തിനു കാരണമാവുകയും ചെയ്യുന്നു. ഈ വികസന ചക്രം പൂർത്തിയാകുമ്പോഴാണ് വിദ്യാഭ്യാസം ശരിയായ വികസനപ്രവർത്തനം എന്ന വിശേഷണത്തിന് അർഹമാകുന്നത്.

ഇപ്പറഞ്ഞ സങ്കല്പം അടിസ്ഥാനപ്രമാണമായി അംഗീകരിക്കുന്നുവെങ്കിൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട എല്ലാ പരിപാടികളും സമൂഹവികസനം എന്ന ആത്യന്തികലക്ഷ്യം കഴിയുന്നത്ര നന്നായി സാക്ഷാത്കരിക്കാൻ പാകത്തിൽ വേണം സംവിധാനം ചെയ്യുക എന്നു സിദ്ധിക്കുന്നു. ഈ വിശ്വാസത്തിന്റെ വെളിച്ചത്തിലാണ് പരീക്ഷാപരിഷ്കരണത്തെക്കുറിച്ചു ചിന്തിക്കേണ്ടതും ഉന്നതവിദ്യാഭ്യാസമേഖലയ്ക്ക് അനുയോജ്യമായ ഒരു പരീക്ഷാസംവിധാനത്തിന്റെ രൂപരേഖ തയ്യാറാകേണ്ടതും. അതുകൊണ്ട് വികസനം എന്ന പ്രക്രിയയുടെ സ്വഭാവത്തെക്കുറിച്ചും അതിൽ മൂല്യനിർണ്ണയത്തിന്റെ പങ്കിനെക്കുറിച്ചും അല്പം കൂടി വിശദമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

നിർണ്ണയിക്കപ്പെട്ട ലക്ഷ്യത്തിൽ എത്താൻ വേണ്ടിയുള്ള, അഥവാ പുരോഗതിയെ ഉന്നമാക്കിക്കൊണ്ടുള്ള ചലനം എന്നാണു വികസനം നിർവചിക്കപ്പെടുന്നത്. അപ്പോൾ, ഏതോ ലക്ഷ്യം, മുൻകൂട്ടി നിശ്ചയിക്കപ്പെടുന്നു എന്നും അതിന്റെ സാക്ഷാത്കാരത്തിനായി നാം മുന്നോട്ടു ചലിക്കേണ്ടിയിരിക്കുന്നു എന്നും സിദ്ധിക്കുന്നു. ലക്ഷ്യാധിഷ്ഠിതമായ ഏതു പ്രവർത്തനവും - അതായത് ഏതൊരു വികസന പ്രവർത്തനവും - കലാശിക്കുന്നത് ഏതെങ്കിലും ഉല്പന്നത്തിന്റെ സൃഷ്ടിയിലാകും. ഇവിടെ ഉത്പന്നം എന്ന സംജ്ഞ ഭൗതികവസ്തുക്കളുടെ രൂപത്തിലുള്ള ഉത്പന്നം എന്ന സങ്കുചിതമായ അർത്ഥത്തിലല്ല പ്രയോഗിക്കുന്നത്. പുതിയ ഏതു സൃഷ്ടിയും ഉത്പന്നമാകാം. പുതിയ സങ്കല്പങ്ങൾ, ആശയങ്ങൾ, സിദ്ധാന്തങ്ങൾ, പ്രവർത്തനശൈലികൾ, സർഗ്ഗസൃഷ്ടികൾ, മൂല്യങ്ങൾ ദർശനങ്ങൾ ഒക്കെ ഉല്പന്നങ്ങൾ തന്നെ. വിദ്യാഭ്യാസത്തിന്റെ കാര്യത്തിലാവുമ്പോൾ പഠിതാ

* റിട്ട. പ്രൊഫസർ ഓഫ് എഡ്യൂക്കേഷൻ, കോഴിക്കോട് സർവ്വകലാശാല.

## എസ്. എൻ. കോളേജ്, കൊല്ലം
## എല്ലാ സ്ഥാനങ്ങളും എകെപിസിടിഎയ്ക്ക്

ആനുപാതിക പ്രാതിനിധ്യമനുസരിച്ചുള്ള തെരഞ്ഞെടുപ്പായിട്ടും കൊല്ലം എസ്. എൻ. കോളേജ് സ്റ്റാഫ് കൗൺസിലിലേയ്ക്ക് നടന്ന മത്സരത്തിൽ എല്ലാ സ്ഥാനങ്ങളിലും എ കെ പി സി ടി എ സ്ഥാനാർത്ഥികൾ വിജയിച്ചു. സ്റ്റാഫ് അസോസിയേഷൻ സെക്രട്ടറിയായി കെ. വിജയകുമാറും വൈസ് പ്രസിഡണ്ടായി ആർ. ഉദയഭാനുവും തെരഞ്ഞെടുക്കപ്പെട്ടു. എം. എസ്. വസന്തകുമാർ, കെ. എസ്. വസന്തൻ ബാബു, കെ. വിജയകുമാർ എന്നിവരാണ് വിജയിച്ച കൗൺസിലറൻമാർ. ഈ കോളേജിലെ എ കെ പി സി ടി എ അംഗസംഖ്യ നൂററിപതിനെട്ടാണ്. അംഗങ്ങളല്ലാത്ത അധ്യാപകരും എ കെ പി സി ടി എ സ്ഥാനാർത്ഥികളെ വിജയിപ്പിക്കാൻ വോട്ടുചെയ്തു.

വിലുണ്ടാകുന്ന നാനാതരത്തിലുമുള്ള വികസനം-ശേഷികളുടെയും താത്പര്യങ്ങളുടെയും മനോഭാവങ്ങളുടെയും ആസ്വാദനക്ഷമതയുടെയും മൂല്യങ്ങളുടെയും നൈപുണികളുടെയും ഒക്കെ വികസനം-ആണ് ഉത്പന്നമായി കണക്കാക്കുന്നത്. ഈ ഉത്പന്നങ്ങൾ അളവിലും ഗുണമേന്മയിലും പരമാവധി വർദ്ധിപ്പിക്കുക ആവണമല്ലോ നമ്മുടെ ലക്ഷ്യം. ആധുനിക സാങ്കേതികവിദ്യ എല്ലാ വികസന പ്രവർത്തകർക്കും നല്കുന്ന സന്ദേശം, ഉത്പന്നത്തിന്റെ പാരിമാണികവും ഗൗണികവുമായ വർദ്ധനയാണ്. അതിനുള്ള നിരവധി തന്ത്രങ്ങൾ സാങ്കേതികവിദ്യ നമുക്ക് ഉപദേശിച്ചുതരുന്നുണ്ട്. അക്കൂട്ടത്തിൽ ഏററവും പ്രധാനം ആയി കരുതപ്പെടുന്നത് അനുസ്യൂതം നടത്തുന്ന സമഗ്രമായ മൂല്യനിർണ്ണയം അത്രെ. ഇതു ശരിയെങ്കിൽ, ശാസ്ത്രീയമായ മൂല്യനിർണ്ണയത്തിന്റെ തത്വങ്ങൾ പാലിച്ചുകൊണ്ടുള്ള ഒരു മൂല്യനിർണ്ണയപരിപാടിയായി പരീക്ഷയെ സംവിധാനം ചെയ്യുകയാണ് കരണീയം. ഇതു സാധിക്കണമെങ്കിൽ പുതിയ വിശ്വാസങ്ങളും സമീപനങ്ങളും സംവിധാനക്രമങ്ങളും ചുമതലകളും മൂല്യങ്ങളും ഉൾക്കൊള്ളാൻ രക്ഷാകർത്താക്കളും വിദ്യാർത്ഥികളും അധ്യാപകരും ഭരണാധികാരികളും തയ്യാറാകേണ്ടതുണ്ട്. ദശകങ്ങളായി ചവിട്ടിത്തെളിച്ച കുറുക്കുവഴികൾ വിട്ട് ശരിയായ പാതകളിലേയ്ക്കു പ്രവേശിക്കാനും അല്പം ദീർഘമാണെങ്കിൽക്കൂടി അവയിലൂടെ തന്നെ ചരിക്കാനും നാം ശ്രദ്ധിക്കുകയുംവേണം.

### മൂല്യനിർണ്ണയമെന്ന ആശയത്തിന്റെ പ്രസക്തി

മൂല്യനിർണ്ണയത്തിന്റെ ഉപാധിയാവണം പരീക്ഷയെങ്കിൽ ആ സംജ്ഞയുടെ അർത്ഥവ്യാപ്തി മനസ്സിലാക്കുകയാണല്ലോ ആദ്യം വേണ്ടത്. Evaluation എന്ന ഇംഗ്ലീഷ് പദത്തിന്റെ തർജ്ജമയായാണ് നാം ഈ പദം ഉപയോഗിക്കുന്നത്. വിലയിരുത്തൽ എന്ന് പച്ചമലയാളം. Evaluate എന്നു പറഞ്ഞാൽ 'determine the value of' എന്നാണ് ഭാഷാപരമായ അർത്ഥം. കുട്ടികൾ നേടിയ വിദ്യാഭ്യാസത്തെ വിലയിരുത്തുമ്പോൾ വിദ്യാഭ്യാസം മൂലം ഉണ്ടാക്കിയ ശേഷികളും മറ്റുവികസനോദ്ദേശ്യങ്ങളും ആണല്ലോ വിലമതിക്കേണ്ടത്. പഠനഫലമായി വന്നുചേർന്ന ശേഷികൾക്കു തെളിവായി അവരിൽ ദർശിക്കാൻ കഴിയുന്ന വ്യവഹാരശൈലികൾക്കു വില കല്പി

ക്കുകയും ലക്ഷ്യമാക്കിയിരുന്ന ആ 'ഉത്പന്നം' എത്രത്തോളം എത്രനന്നായി നേടി എന്നുവിധി പ്രസ്താവിക്കുകയും ആണ് മൂല്യനിർണ്ണയത്തിന്റെ ധർമ്മം. ഈ വിലകല്പിക്കലും വിധി പ്രസ്താവനയും വിശ്വാസ്യവും വസ്തുനിഷ്ഠവും ആകണമെങ്കിൽ അതിന് അടിസ്ഥാനമായി വർത്തിക്കേണ്ട ഉദ്ദേശ്യങ്ങൾ ഏവ എന്നു കൃത്യമായി അറിയുകയും അതിന്റെ അടിസ്ഥാനത്തിൽത്തന്നെ വിലയിരുത്തുകയും വേണമല്ലോ. അതായത്, ഉദ്ദേശ്യാധിഷ്ഠിതമായ വിലയിരുത്തലാവണം മൂല്യനിർണ്ണയം. ഇതു സാധിക്കണം എങ്കിൽ പാഠം ആരംഭിക്കും മുമ്പുതന്നെ വികസനോദ്ദേശങ്ങൾ ഏവ എന്നു വ്യക്തമായും സൂക്ഷ്മമായും നിർണ്ണയിക്കേണ്ടിവരും, ഓരോ ഘട്ടത്തിലും ഈ ഉദ്ദേശ്യങ്ങളുടെ സാക്ഷാത്കാരം മുന്നിൽ കണ്ടുകൊണ്ടുള്ള പഠനപ്രവർത്തനങ്ങൾ സജ്ജമാക്കിക്കൊടുക്കേണ്ടിവരും. ഈ ഉദ്ദേശ്യപ്രാപ്തിയിലേയ്ക്കു തന്നെയാണോ പഠിതാവു മുന്നേറുന്നത് എന്നും ആ പുരോഗതി എത്രമാത്രം തൃപ്തികരമാണെന്നും അപ്പപ്പോൾ വിലയിരുത്തേണ്ടിവരും. അന്തിമഘട്ടത്തിൽ, ഉന്നമാക്കിയ നേട്ടങ്ങൾ മുഴുവൻ കൈവരിച്ചോ എന്ന് ആവർത്തിച്ചു പരിശോധിക്കേണ്ടിവരും. ഇതിന്റെ അർത്ഥം, ശാസ്ത്രീയമായ മൂല്യനിർണ്ണയം വിദ്യാഭ്യാസപ്രക്രിയയിലെ എല്ലാം പരിപാടികളെയും നിയന്ത്രിക്കുന്ന ഒരു ശക്തിയായി പ്രവർത്തിക്കും എന്നതാണല്ലോ. ഇക്കാരണത്താലാണ് മൂല്യനിർണ്ണയത്തെ പഠനബോധന പരിപാടികളുടെ അവിഭാജ്യഘടകമായി പരിഗണിക്കുന്നതും ആ പരിപാടികളുടെ ഗുണമേന്മ ഉറപ്പുവരുത്താനുള്ള വിലയേറിയ പ്രവർത്തനമായി കണക്കാക്കുന്നതും. അനുസ്യൂതം നടക്കുന്ന സമഗ്രമായ മൂല്യനിർണ്ണയം കൊണ്ടുമാത്രമേ വിദ്യാഭ്യാസമെന്ന വികസനപ്രവർത്തനം കാര്യക്ഷമമാവുകയുള്ളൂ എന്നു പറയുന്നത് ഇതുകൊണ്ടാണ്. ഇന്ന് വിദ്യാസമ്പന്നരായ വ്യക്തികൾ വികസിതരായ പൗരന്മാരുടെ ലക്ഷണം പ്രകടിപ്പിക്കുന്നില്ല എന്നും വിദ്യാഭ്യാസം രാഷ്ട്രവികസനത്തിനു ആക്കം കൂട്ടുന്നില്ല എന്നും പരാതിയുണ്ടെങ്കിൽ അതിന്റെ കാരണങ്ങളിൽ ഏറ്റവും മുഖ്യം ശാസ്ത്രീയമായ മൂല്യനിർണ്ണയത്തിന് സമർത്ഥമല്ലാത്ത പരീക്ഷയ്ക്കു നല്കിപ്പോരുന്ന അമിത പ്രാധാന്യമാണ് എന്നു പറയേണ്ടിയിരിക്കുന്നു.

## പരീക്ഷയുടെ ഇന്നത്തെ സ്വഭാവം

ഇന്ന് നമ്മൾ നടത്തുന്ന പരീക്ഷയുടെ സ്വഭാവം ഒന്നു പരിശോധിച്ചു നോക്കാം. പഠിതാവിന് ഒരു സർട്ടിഫിക്കറ്റ് കൊടുക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നുള്ള ഒരു പരിപാടിയെന്നതിൽ കവിഞ്ഞ് ഇന്നത്തെ പരീക്ഷയ്ക്ക് ശാസ്ത്രീയമായ അടിത്തറയില്ല എന്നു നിസ്സംശയം പറയാം. അനുസ്യൂതമായ വിലയിരുത്തൽ എന്ന സങ്കല്പം നമുക്ക് അന്യമാണല്ലോ. പരീക്ഷാകൺട്രോളറുടെ സൗകര്യത്തെ

## തോമസ് ജോർജ്
## അനുസ്മരണം

മാർഇവാനിയോസ് കോളേജ് അധ്യാപകനും എ കെ പി സി ടി എ നേതാവുമായിരുന്ന പ്രൊഫ. തോമസ് ജോർജിന്റെ ഒന്നാംചരമവാർഷികത്തോടനുബന്ധിച്ചുള്ള അനുസ്മരണ സമ്മേളനം സംസ്ഥാന കമ്മററി ഓഫീസങ്കണത്തിൽ ജനുവരി 24_ന് നടന്നു. സംഘടനാരംഗത്തും സാമൂഹ്യ രംഗത്തും പ്രൊഫ. തോമസ് ജോർജ് നൽകിയ സേവനങ്ങൾ വിലയിരുത്തിക്കൊണ്ട് പ്രൊഫ.പി. നരേന്ദ്രൻ, പ്രൊഫ. ജി. മാധവൻനായർ, പ്രൊഫ. എസ്, ശിവൻ, പ്രൊഫ. വി. എൻ. മുരളി, പ്രൊഫ. കെ. കെ. ജോൺ, പ്രൊഫ.ഡി.തോമസ് എന്നിവർ സംസാരിച്ചു. മാർ ഇവാനിയോസ് യൂണിററാണ് സമ്മേളനം സംഘടിപ്പിച്ചത്. പ്രസിഡന്റ് പ്രൊഫ. എം. വി. ജോർജ് അധ്യക്ഷത വഹിച്ചു.

## പ്രൊഫ. ശിവൻ പ്രസിഡൻറ്
## പ്രൊഫ. മോഹന കൈമൾ സെക്രട്ടറി

എ കെ പി സി ടി എ തിരുവനന്തപുരം ജില്ലാ കൗൺസിൽ പ്രസിഡൻറായി പ്രൊഫ. എസ്. ശിവനും (എസ്.എൻ. കോളേജ് വർക്കല) സെക്രട്ടറിയായി പ്രൊഫ. ആർ. മോഹനകൈമളും (ധനുവച്ചപുരം) തെരഞ്ഞെടുക്കപ്പെട്ടു. ഡോ. രവീന്ദ്രനാണ് (ചെമ്പഴന്തി) വൈസ് പ്രസിഡൻറ്. ജോയിൻറ് സെക്രട്ടറി പ്രൊഫ. എസ്.സതീശ് ചന്ദ്രൻ(വർക്കല). ട്രഷറർ പ്രൊഫ. ജി.എസ്. സുരേഷ് (എം.ജി. കോളേജ്). ജില്ലാകമ്മററി അംഗങ്ങളായി പ്രൊഫ. ജെ. ചന്ദ്ര(കരമന) പ്രൊഫ. എൻ.എം. ഇബ്രാഹിം (ഇക്ബാൽ) എന്നിവരേയും തെരഞ്ഞെടുത്തു.

കരുതി, ഉള്ള പരീക്ഷയുടെ എണ്ണംപോലും വെട്ടിക്കുറക്കണം എന്ന് നമ്മുടെ ചില വിദഗ്ധൻമാർ ശുപാർശചെയ്യുമ്പോൾ വിദ്യാഭ്യാസത്തിൻെറ വികസനോദ്ദേശ്യങ്ങളുടെ സാക്ഷാത്കാരത്തിൽ മൂല്യനിർണ്ണയം വഹിക്കുന്ന പങ്കിനെപ്പററിയുള്ള അജ്ഞതയാണല്ലൊ വെളിവാകുന്നത്. ആത്യന്തികമായിമാത്രം നടത്തുന്ന ഈ അവസാനപരീക്ഷയുടെ അപര്യാപ്തത പരിഹരിക്കാൻ പാകത്തിൽ ആന്തരികപരീക്ഷകൾ നടത്തുന്നതിനെക്കുറിച്ചു ചിന്തിക്കാൻ ആർക്കും ധൈര്യവുമില്ല. ആന്തരികപരീക്ഷ "internal examination" ആണെന്ന വിദ്യാർത്ഥികളും രക്ഷകർത്താക്കളും അധ്യാപകരിൽത്തന്നെ മിക്കവരും വിശ്വസിക്കുന്നതുകൊണ്ട് അത്തരത്തിൽ ഒരു ചിന്തപോലും അപകടകരമായി കരുതിപ്പോരുന്നു. ഈ കാര്യം പിന്നെ ചർച്ചചെയ്യാം. തൽക്കാലം ഇന്നു നിലവിലുള്ള ആത്യന്തിക പരീക്ഷയെ അതായത് സർവകലാശാല നടത്തുന്ന പൊതുപരീക്ഷയെ മൂല്യനിർണ്ണയത്തിൻെറ ശാസ്ത്രീയസങ്കല്പം അടിസ്ഥാനമാക്കി പരിശോധിച്ചുനോക്കാം.

വിദ്യാർത്ഥിയുടെ ബൗദ്ധികവും വൈകാരികവും സാമൂഹികവും നൈപുണീപരവുമായ മേഖലകളിൽ വന്നുചേരേണ്ട വികസനത്തെ ശേഷികളും മനോഭാവങ്ങളും താത്പര്യങ്ങളും മൂല്യങ്ങളും ഉത്പാദനക്ഷമതയും ഒക്കെയായി വ്യാഖ്യാനിക്കേണ്ടതിൻെറ ആവശ്യം സൂചിപ്പിച്ചുകഴിഞ്ഞു. ഇതാണ് ആവശ്യമെങ്കിൽ വിലമതിക്കപ്പെടേണ്ടത് ഈ ഘടകങ്ങൾ ആവണമല്ലൊ. അതിനുപാകത്തിലാണോ നമ്മുടെ ആത്യന്തികപരിക്ഷയുടെ രീതി? ഏതെങ്കിലും വിഷയത്തിൻെറ ചോദ്യക്കടലാസ് വിശകലനം ചെയ്തുനോക്കിയാൽ ഫലം നിരാശാജനകമായിരിക്കും. വികസനലക്ഷ്യങ്ങളായി കണക്കാക്കുന്ന വ്യവഹാരങ്ങളുടെ അടിസ്ഥാനത്തിലല്ലല്ലോ ഇവ തയ്യാറാക്കുന്നത്. ശാസ്ത്രവിഷയം ഉദാഹരണമായെടുക്കാം. ശാസ്ത്രപഠനത്തിൻെറ ഫലമായുണ്ടാകുന്ന നിരീക്ഷണശേഷി വസ്തുക്കളുടെയും പ്രതിഭാസങ്ങളുടെയും സവിശേഷതകൾ അപഗ്രഥിച്ചു കണ്ടെത്താനുള്ള ശേഷി, സവിശേഷതകളുടെ അടിസ്ഥാനത്തിൽ അവയെ താരതമ്യം ചെയ്യാനുള്ള ശേഷി, താരതമ്യത്തിൻെറ വെളിച്ചത്തിൽ സമാനസവിശേഷതകളുള്ളവയെ വർഗീകരിക്കാനും അങ്ങനെ ആശയങ്ങളുടെ സാമാന്യവത്കരണങ്ങളിൽ എത്തിച്ചേരാനുള്ളശേഷി, ആശയങ്ങളെ ചങ്ങലക്കിട്ട് തത്വങ്ങൾ അനുമാനിക്കാനുള്ള ശേഷി, പ്രശ്നസന്ദർഭങ്ങളെ അപഗ്രഥിക്കാനും നിർദ്ധാരണങ്ങൾ യുക്തിപൂർവം ഊഹിക്കാനും തന്ത്രങ്ങളുടെ പ്രയോഗത്തിലൂടെ നിർദ്ധാരണങ്ങളിൽ എത്തിച്ചേരാനും ഉള്ളശേഷി, തങ്ങളുടെ ഊഹങ്ങളും ചിന്താപദ്ധതികളും ശരിയോ എന്നു വിലയിരുത്താനുള്ളശേഷി, തുടങ്ങിയ ബൗദ്ധികശേഷികൾ വിലയിരുത്തപ്പെടുന്നുണ്ടോ? ശാസ്ത്രപഠനം വഴിസ്വാംശീകരിക്കേണ്ട അഭിലഷണീയങ്ങളായ

താത്പര്യങ്ങളും മനോഭാവങ്ങളും മൂല്യങ്ങളും അടങ്ങിയ വൈകാരികസംസ്കരണം വില യിരുത്തപ്പെടുന്നുണ്ടോ? ഈ രണ്ടു മേഖലയി ലുമുളള വികസനങ്ങളുടെ സമായോജനംവഴി വികസിക്കേണ്ട നൈപുണികളും ഉത്പാദന ക്ഷമതയും പരിശോധിക്കപ്പെടുന്നുണ്ടോ? ഇല്ല എന്നതു തീർച്ചയല്ലേ? ഇതിനൊക്കെ പകരമായി ശാസ്ത്രവിഷയത്തിലെ നിരവധി വസ്തുത കളും ആശയങ്ങളും തത്വങ്ങളും ഫോർമുല കളും മാതൃകാപ്രശ്നങ്ങളും അവയുടെ അർ ത്ഥ ബോധം ഉണ്ടോ എന്നുപോലും നോക്കാ തെ പുനസ്മരണത്തിലൂടെ പരിശോധിക്കപ്പെ ടുകയാണിന്ന്.

ഇപ്പറഞ്ഞത് ഏതു വിഷയത്തിന്റെ കാര്യ ത്തിലും ശരിയെന്നുകാണാം. ഭാഷകളുടെ പരീ ക്ഷയിൽ സുപ്രധാനമായ ഭാഷാനൈപുണിക ളിൽ ഏവയാണു പരിശോധിക്കപ്പെടുന്നത്. ആശയഗ്രഹണത്തോടെയുളള ശ്രവണം, സമർ ത്ഥമായ ഭാഷണം, ഉച്ചത്തിലും മൗനമായും ആശയഗ്രഹണത്തോടെവായിക്കാനുളള കഴിവ്, ശുദ്ധവും സമർത്ഥവുമായ ഭാഷയിലൂടെ എഴുതി ആശയം പ്രകടിപ്പിക്കാനുളള ശേഷി എന്നിവയാണല്ലൊ ഉന്നമാക്കുന്ന ഭാഷാനൈപു ണികൾ. അവയിൽ ഏതൊക്കെ എത്രത്തോളം വിലയിരുത്തപ്പെടുന്നു? ഭാഷാപഠനത്തിന്റെ വൈകാരികമാനത്തിൽപ്പെടുന്ന ആസ്വാദനശേ ഷിയും വ്യാപകമായ ഭാഷാപഠനത്തിനും വായ നക്കുംഉളള താത്പര്യവും മൂല്യങ്ങളും വില യിരുത്തപ്പെടുന്നുണ്ടോ? ഇല്ല എന്ന് ഉത്തരം, പരീക്ഷാരീതിയുടെ പരിമിതി മാത്രമല്ല സൂചി പ്പിക്കുന്നത്. മറിച്ച്, അന്തിമലക്ഷ്യം പരീ ക്ഷാ വിജയമാണെന്ന കരുതുകയും ആ പരീക്ഷ വെറും വിവരങ്ങളുടെ പുനസ്മരണത്തിൽ ഒതുക്കുകയും ചെയ്യുമ്പോൾ മൂലധനവും പഠ നവും സങ്കുചിതമായ ആ ലക്ഷ്യത്തിൽ ഒതു ങ്ങിപ്പോകുന്നു എന്നും അങ്ങനെ വികസനം എന്ന ഉദാത്ത ലക്ഷ്യത്തിന് വിദ്യാഭ്യാസം അന്യ മാകുന്നു എന്നുമുളള അപകടകരമായ സാഹച ര്യമാണ് ശ്രദ്ധയിൽപ്പെടേണ്ടത്. ഇതിന് എ ന്താണ് പോംവഴി? ആദ്യം നമുക്ക് ആത്യന്തപരീ ക്ഷയുടെ പരിഷ്കരണത്തെപ്പററി ചിന്തിക്കാം.

## പ്രൊഫ. സി. കെ. ഗോപി
പ്രസിഡൻറ്

## പ്രൊഫ. പി. ഹരിദാസൻ
സെക്രട്ടറി

എകെപിസിടിഎ കൊല്ലം ജില്ലാ ഭാരവാഹികളെ ഫെബ്രുവരി 26ന് നടന്ന ജില്ലാസമ്മേളനത്തിൽ വച്ച് തെരഞ്ഞെടുത്തു. പ്രൊഫ. സി.കെ. ഗോപി (പ്രസിഡണ്ട്) പ്രൊഫ. പി. ഹരിദാസൻ (സെക്രട്ടറി) പ്രൊഫ. ജേക്കബ് വർഗീസ് പണിക്കർ (വൈസ് പ്രസിഡണ്ട്) പ്രൊഫ. കെ. വിജയധരൻ (ജോയിൻറ് സെക്രട്ടറി) പ്രൊഫ. അബ്ദുൾ റഹിം (ട്രഷറർ) പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ പ്രൊഫ. എൻ. ജയദേവൻ, പ്രൊഫ. ബി. ക്ലീററസ് (കമ്മിററി അംഗങ്ങൾ) എന്നിവരാണ് പുതിയ ഭാരവാഹികൾ.

കണ്ടുകൊണ്ടുള്ള ഈ സംവിധാനം മൂലം ആഴത്തിലുള്ള പഠനവും തൻമൂലം വികസനവും സാധ്യമാകും.

തുടക്കത്തിൽ, പ്രായോഗികത കണക്കിലെടുത്തുകൊണ്ടും ഇത്തരത്തിലുള്ള ഒരു സമീപനം ബൗദ്ധിക ശേഷികളുടെ കാര്യത്തിൽ മാത്രം നിയന്ത്രിച്ചു നിർത്താം. അതായത് വസ്തുതകളുടെ പഠനം, ആശയഗ്രഹണം (ഇതിൽ നിരീക്ഷണം താരതമ്യപഠനം, വർഗ്ഗീകരണം, തുടങ്ങിയ ശേഷികൾ അന്തർഭവിച്ചിരിക്കുന്നു. പ്രയോഗശേഷി (ഇതിൽ പ്രശ്നനിവാരണവുമായി ബന്ധപ്പെട്ട അപഗ്രഥനം, ഉദ്ഗ്രഥനം മൂല്യനിർണ്ണയം മുതലായവ ഉൾപ്പെടും) തുടങ്ങിയ വികസനോദ്ദേശങ്ങൾമാത്രം കണക്കിലെടുത്തുകൊണ്ടുള്ള ഒരു ബ്ലൂ പ്രിൻറാകട്ടെ ചോദ്യക്കടലാസിന് ആധാരം. ക്രമേണ ശാസ്ത്രീയമായ പഠനശോധന –മൂല്യനിർണ്ണയ ശൈലിയുമായി പൊരുത്തപ്പെട്ടുകഴിയുമ്പോൾ മററുവികസന മേഖലകളിലേക്ക് മാറിമാറി ക്രമേണ വ്യാപിപ്പിക്കാം ആ മേഖലയിലെ മാററങ്ങളെ വിലയിരുത്താൻ അതിന് അനുയോജ്യമായ ഉപാധികളും ഉപകരണങ്ങളും വേണ്ടിവരും. അതു ക്രമത്തിൽ ശ്രദ്ധാപൂർവം വികസിപ്പിച്ചെടുക്കാവുന്നതേയുള്ളു. ആദ്യം ബൗദ്ധികശേഷികളുടെ ആഴത്തിലുള്ള മൂല്യനിർണ്ണയത്തിൽമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതാവും പ്രായോഗികം.

## ചോദ്യബാങ്കുകളുടെ സംവിധാനം

ഇതുവരെപ്പറഞ്ഞ ആശയങ്ങൾ മനസിൽ വച്ചുകൊണ്ടാണ് കോഴിക്കോട്ടു സർവകലാശാലയിൽ ഏതാനും വർഷങ്ങൾക്ക്മുമ്പ് ചോദ്യബാങ്ക് എന്ന പരിപാടി ആവിഷ്കരിച്ചത്. വളരെ ശാസ്ത്രീയമായി സംവിധാനംചെയ്തില്ല എങ്കിൽക്കൂടി അതിന് പഠന-ബോധനങ്ങളിലും മൂല്യനിർണ്ണയത്തിലും പരിമിതമായതോതിലെങ്കിലും ചെലുത്താൻ കഴിഞ്ഞ സ്വാധീനം വളരെ ആശാവഹമായിരുന്നുതാനും. പിന്നെ, ആ പരിപാടി എന്തുകൊണ്ടു നിന്നുപോയി എന്നത് ഇവിടെ ചർച്ചാവിഷയമാക്കുന്നില്ല. അതേസമയം, അക്കാദമീയമായി വളരെ സമ്പന്നമായിരുന്ന ആ പരിപാടി പുനരാരംഭിക്കുമോ എന്ന് മിക്ക അക്കാദമീയസമിതികളിലും ആവശ്യം ഉയർന്നുവരാറുണ്ട് എന്ന കാര്യവും ഇവിടെ ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു ആ പരിപാടി അന്നത്തെക്കാൾ കൂടുതൽ സമർത്ഥമായി ആവിഷ്കരിച്ചു നടപ്പിലാക്കുന്നത് പരീക്ഷാപരിഷ്കരണത്തിലെ ഒരു മുഖ്യ ഇനമായി പരിഗണിക്കേണ്ടതാണ്.

## ആത്യന്തിക പരീക്ഷയുമായി ബന്ധപ്പെട്ട മററു ചില പരിഷ്കാരങ്ങൾ

ഉദ്ദേശ്യാധിഷ്ഠിതമായ മൂല്യനിർണ്ണയം എന്ന സങ്കൽപ്പം സാർത്ഥകമാക്കാൻ സഹായകമായ മററു പല മാററങ്ങളും വേണ്ടിവരും. വികസനോൻമുഖമായ പരിപാടിയുടെ മൂല്യനിർണ്ണയം നടത്തുമ്പോൾ ഒരു വിദ്യാർത്ഥിക്ക് ഒരു വിഷയത്തിൽ എത്ര മാർക്ക്കിട്ടി എന്നതിനെക്കാൾ ഉന്നമാക്കിയ വികസനോദ്ദേശ്യങ്ങളുടെ സാക്ഷാത്കാരത്തിൻെറ തെളിവുകളായി കാണാവുന്ന വ്യവഹാരങ്ങൾ എത്രമാത്രം, എത്ര നന്നായി കാണാൻ കഴിയുന്നു എന്നാണല്ലോ പരിശോധിക്കേണ്ടത്. അതായതു മൂല്യനിർണ്ണയത്തിൻെറ ആധാരം (reference) ഈ സവിശേഷവ്യവഹാരങ്ങൾ ആണ്. ഈ സവിശേഷതകളെ (criteria) അടിസ്ഥാനമാക്കിയുള്ള മൂല്യനിർണ്ണയത്തെ criterion referenced evaluation എന്നാണു പറയുക. ഇത്തരം മൂല്യനിർണ്ണയത്തിൻെറ ഫലം അതിസൂക്ഷ്മമായ സ്കോറുകളായി പറയുന്നത് യുക്തിസഹമല്ല. കാരണം അളന്നു മുറിച്ചതുപോലെ, സയൻസിലെ നേട്ടം 52 ശതമാനമാണ് 55 ശതമാനമാണ് എന്നൊക്കെ നിർണ്ണയിക്കാൻ കഴിയും എന്നു കരുതുന്നത് ഭോഷ്കായിരിക്കും. അതുകൊണ്ട് സവിശേഷതകളെ ആധാരമാക്കി നടത്തുന്ന മൂല്യനിർണ്ണയത്തിൻെറ ഫലങ്ങൾ കുറേക്കൂടി സ്ഥൂലമായ ഒരു റേൻജിൽ രേഖപ്പെടുത്തുകയാവും യുക്തിസഹം. A,B,C,D,E എന്നിങ്ങനെ സൗകര്യപൂർവം ഗ്രേഡുകളിലായി പഠിതാക്കളെ വർഗീകരിക്കുകയാണ് ഈ സാഹചര്യത്തിൽ ചെയ്യാവുന്നത്. ഈ ഗ്രേഡിംഗ് സമ്പ്രദായം ശാസ്ത്രീയമായി അവതരിപ്പിക്കാൻ പററിയ പരിശീലനവും, മാർഗദർശനവും നൽകുകയും അതിൻെറ പ്രത്യേക മെച്ചം വേണ്ടപ്പെട്ടവരെ ബോദ്ധ്യപ്പെടുത്തുക ചെയ്താൽ ക്രമേണ ആ സംവിധാനം സ്വീകരിച്ച്തുടങ്ങാനാവും.

അതേസമയം താരതമ്യം, സ്ഥാനനിർണ്ണയം, തെരഞ്ഞെടുപ്പ്, തുടങ്ങിയ ആവശ്യങ്ങൾ

ക്ക്. അടിസ്ഥാനമാനങ്ങളെ (norms) ആധാരമാക്കി നടത്തുന്ന മൂല്യനിർണ്ണയം (norm referenced evaluation) വേണ്ടിവരും. അതിനു സഹായകമായ രീതിയിൽ ഗ്രേഡുകളെ മാർക്കുകളായി പരിവർത്തനം ചെയ്യുന്നതിനുള്ള ശാസ്ത്രീയമാർഗങ്ങൾ അവലംബിക്കാവുന്നതേയുള്ളു.

ഇപ്പറഞ്ഞ മാററങ്ങൾ എല്ലാം ഒററയടിക്ക് നടപ്പാക്കുകയോ? എന്നാൽ അത് ആശാസ്യവുമല്ല. ഏററവും ആദ്യം വേണ്ടത് ഉദ്ദേശ്യാധിഷ്ഠിതവും സമഗ്രവുമായ മൂല്യനിർണ്ണയത്തിലൂടെ വികസനോന്മുഖമായ വിദ്യാഭ്യാസത്തിന് ശക്തിപകരുകയാണ്. മററെല്ലാം ക്രമേണ ഒന്നൊന്നായി അവതരിപ്പിക്കാം.

## ആന്തരികപരീക്ഷാസംവിധാനം

അനസ്യൂതം നടത്തുന്ന സമഗ്രമായ മൂല്യനിർണ്ണയമെന്ന ആശയത്തോട് കൂടുതൽ അടുക്കാൻ നടപ്പിലാക്കേണ്ട അടുത്ത പരിപാടി കൂടെക്കൂടെ അധ്യാപകർ നടത്തുന്ന ആന്തരിക പരീക്ഷയെന്ന ആശയം പ്രാവർത്തികമാക്കുകയാണ്. വ്യക്തമായ ഉദ്ദേശ്യങ്ങളോടെ ബോധനം നിർവഹിക്കുന്ന ആളുതന്നെയാവണം ഉദ്ദേശ്യാധിഷ്ഠിത മൂല്യനിർണ്ണയത്തിന്റെയും ചുമതലക്കാരൻ എന്നത് ലളിതമായ ഒരു സമവാക്യം ആണ്. പക്ഷെ, നേരത്തെ സൂചിപ്പിച്ചതുപോലെ, ഈ പരിപാടിയെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ഭയമാണ്. വ്യക്തിവിരോധത്തിന്റെ പേരിൽ തങ്ങൾ എതിർക്കപ്പെടും എന്നാണുപേടി. ഈ വിഷയത്തെ ആസ്പദമാക്കി സർവകലാശാലാസമിതികളിൽ നിരവധി ചർച്ചകൾ നടന്നിട്ടുണ്ട്- അങ്ങനെയും ഇത് എതിർക്കപ്പെട്ടിട്ടുമുണ്ട്. വിദ്യാർത്ഥികളും അധ്യാപകരിൽത്തന്നെ നല്ലൊരു വിഭാഗവും ഈ എതിർപ്പ് പ്രകടിപ്പിക്കുകയായിരുന്നു. ഒരു പരിപാടി ആദർശപരമായിരുന്നെങ്കിൽ, പ്രായോഗികമായി വന്നുചേരാവുന്ന ഒരു പരിമിതിയുടെ പേരിൽ അതു വേണ്ടെന്നുവയ്ക്കുകയല്ലല്ലൊ അഭികാമ്യം. ആ പരിമിതി ഇല്ലാതാക്കാൻ എന്തുണ്ട് മാർഗം എന്നു നോക്കുകയാവും ബുദ്ധി. വികസനോന്മുഖമായ വിദ്യാഭ്യാസത്തിന്റെ ഏററവും പ്രധാനമായ പ്രേരകശക്തികളിൽ ഒന്ന് അനുസ്യൂതം നടത്തുന്ന സമഗ്രമൂല്യനിർണ്ണയമാണെന്നതുകൊണ്ട്, ശുഭാപ്തിവിശ്വാസത്തോടെയുള്ള ഒരു സമീപനം ഇക്കാര്യത്തിൽ കൂടിയേ തീരൂ. അഭിപ്രായസമന്വയം അത്തരത്തിൽ ഒരു നല്ലമാററത്തിന് അനുകൂലമായിവരുന്നു എന്നാണ് സൂചന. ആ സാഹചര്യം സമർത്ഥമായ യത്നത്തിലൂടെ പ്രയോജനപ്പെടുത്താൻ ശ്രമിക്കുകയാണു നാം ചെയ്യേണ്ടത്.

## ചിന്തിക്കാൻ ഒരു നിർദ്ദേശം

അധ്യാപകർ വൈരനിര്യാതനബുദ്ധിയോടെ പെരുമാറും എന്നതാണല്ലൊ ഭയത്തിന് അടിസ്ഥാനം. അതിനുള്ള സാഹചര്യം ഒഴിവാക്കാമെങ്കിലോ? വിദ്യാർത്ഥികൾക്കു നൂറു ശതമാനവും വിശ്വസിക്കാവുന്ന ഒരു പരിപാടിയായി അതു സംവിധാനം ചെയ്താലോ? അതിനുപററിയ മാർഗ്ഗങ്ങൾ ഇല്ലാതില്ല. വേണം എന്ന ആത്മാർത്ഥമായ ആഗ്രഹം ഉണ്ടാകണമെന്നു മാത്രം. അത്തരത്തിൽ വിശ്വാസ്യമായ ഒരു പരിശോധനാക്രമം ഒരുക്കിയെടുക്കുന്നതിന് പററിയ ഒരു തന്ത്രം ആലോചിച്ചു നോക്കാം.

ഇവിടെയും ആരംഭം വൈജ്ഞാനിക (ബൗദ്ധിക)മേഖലയുടെ മൂല്യനിർണ്ണയത്തിൽ ആകാം. ഒരു കോളേജിലെ ഒരു ഡിപ്പാർട്ടുമെൻറിൽ—ഉദാഹരണത്തിനു കെമിസ്ട്രി ഡിപ്പാർട്ടുമെൻറാകട്ടെ. പത്ത് അധ്യാപകർ ഉണ്ടെന്നു കരുതുക. ഇവർ വിവിധ ക്ലാസ്സുകളിൽ പഠിപ്പിക്കുന്നവരാകാം. അവരവർ പഠിപ്പിക്കുന്ന പാഠഭാഗങ്ങളെ ആസ്പദമാക്കി വിവിധ വികസന നിലവാരത്തിലും കാഠിന്യനിലവാരത്തിലുമുള്ള വസ്തുനിഷ്ഠമായചോദ്യങ്ങൾ (മുഖ്യമായും Multiple choice ഇനങ്ങൾ എഴുതിയുണ്ടാക്കാനുള്ള നൈപുണി, ആവശ്യബോധമുണ്ടെങ്കിൽ ഈ അദ്ധ്യാപകർക്ക് ആർജ്ജിക്കാവുന്നതേയുള്ളു. വളരെ കഠിനമായ അമിതപ്രയത്നം കൂടാതെ എത്ര ചോദ്യങ്ങൾ ഒരു വർഷത്തിൽ ഒരധ്യാപകന് എഴുതിയുണ്ടാക്കാനാവും? രണ്ടുമൂന്നുദിവസം കൊണ്ട് ഒരു ചോദ്യം എഴുതുന്നത് വലിയഭാരമാവില്ലല്ലൊ. അപ്പോൾ വർഷത്തിൽ നൂറുചോദ്യം എന്നുവയ്ക്കുക. അത്തരത്തിൽ പത്തുപേർ ശ്രമിച്ചാൽ വിവിധ പാഠഭാഗങ്ങളിൽ നിന്ന് ആയിരം ചോദ്യങ്ങളുണ്ടാകും. ഇങ്ങനെ അമ്പതു കോളേജുകളുള്ള ഒരു സർവ്വകലാശാലയിലെ കെമിസ്ട്രി ഡിപ്പാർട്ടുമെൻറുകൾ പ്രയാസരഹിതമായ ഈ ദൗത്യം ഏറെറടുത്താൽ ഒരു വർഷ

# നെന്മാറ കോളേജിനുമുമ്പിൽ പ്രതിഷേധ ധർണ

നെന്മാറ എൻ എസ് എസ് കോളജധ്യാപകൻ ജി. പ്രകാശിനെ പ്രിൻസിപ്പലിന്റെ കള്ളറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മഞ്ചേശ്വരിയിലേക്കു സ്ഥലംമാറ്റിയതിൽ പ്രധിഷേധിച്ച് എ കെ പി സി ടി എ പാലക്കാട് ജില്ലാ കൗൺസിലിന്റെ നേതൃത്വത്തിൽ കോളേജിനുമുമ്പിൽ ധർണ നടത്തി. ഫെബ്രുവരി 24നു നടന്ന ധർണ കെ എസ് ടി എ നേതാവ് ശ്രീ. ഇ.എം. എൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. എ കെ പിസിടിഎ ജനറൽ സെക്രട്ടറി പ്രൊഫ. കെ. സദാശിവൻ നായർ പ്രൊഫ. ജി മാധവൻ നായർ, തൃശൂർ ജില്ലാസെക്രട്ടറി പ്രൊഫ. ആന്റണി, കോ-ഓർഡിനേഷൻ സെക്രട്ടറി പ്രൊഫ വി. എൻ. മുരളി, പ്രൊഫ. ശിവരാജൻ എന്നിവർ സംസാരിച്ചു. വിവിധ സർവ്വീസ് സംഘടനകളുടേയും ട്രേഡ്‌യൂണിയനുകളുടേയും നേതാക്കന്മാർ ധർണയ്ക്ക് അഭിവാദ്യമർപ്പിച്ചു പ്രസംഗിച്ചു. ജില്ലാ സെക്രട്ടറി പ്രൊഫ. ഗ്രാമപ്രകാശ് സ്വാഗതവും പ്രൊഫ. കെ. പി. ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

ത്തിൽ 50,000 ചോദ്യങ്ങളുമായി രണ്ടുവർഷം കൊണ്ട് ഒരു ലക്ഷം ചോദ്യങ്ങൾ. ഓരോരുത്തരും ശ്രദ്ധാപൂർവ്വം ഉണ്ടാക്കുന്ന ചോദ്യങ്ങളെ ഫാക്കൽടിക്കു കൂട്ടായി പരിശോധനയ്ക്ക് വിധേയമാക്കി സംസ്കരിച്ചെടുക്കാം. ഈ ചോദ്യക്കൂമ്പാരം കോളേജുകൾക്ക് എത്തിക്കാനുള്ള ചുമതല സർവകലാശാലയ്ക്ക് ഏറ്റെടുത്തുകൂടെ? ഇവയെ ക്ളാസ്, പാഠഭാഗം ഉദ്ദേശ്യം കാഠിന്യനിലവാരം എന്നിവയുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് ഫയൽ ചെയ്തുവയ്ക്കാം. ചോദ്യബാങ്കിന്റെ മാതൃകയിൽത്തന്നെ. വർഷംതോറും ഇതു സമ്പന്നമാക്കിക്കൊണ്ടിരിക്കുകയുമാകാം.

ഒരു യൂണിററു പഠിപ്പിച്ചു കഴിയുമ്പോൾ അതുമായി ബന്ധപ്പെട്ട ചോദ്യസമാഹാരത്തിൽ, നിന്ന് ഒരേ ബ്ളൂപ്രിൻറനുസരിച്ച് ഒരേ നിലവാരത്തിലുള്ള മൂന്നുസെററുകൾ random ആയി തെരഞ്ഞെടുക്കുന്നു. എന്നു കരുതുക. A,B,C, എന്നിങ്ങനെ അടുത്തടുത്ത് ഇരിക്കുന്ന കുട്ടികൾ കോപ്പിയടിക്കാതിരിക്കാനാണീ മുൻകരുതൽ. ഇത് ഒരു ടെസ്ററായി കൊടുക്കുക. ഉത്തരം എഴുതാൻ കഷ്ടിച്ച് 30 മിനിററുമതി. ഉത്തരക്കടലാസുകൾ കുട്ടികൾക്ക തന്നെ വീതിച്ചു നല്കുക. ഉത്തരസൂചികയുടെ അടിസ്ഥാനത്തിൽ പത്തുമിനിററിനകം പരിശോധന പൂർത്തിയാക്കാം. നേരത്തെ തയ്യാറാക്കിവച്ചിട്ടുള്ള ലിസ്ററിൽ മാർക്കുകൾ രേഖപ്പെടുത്തുക. പേപ്പറുകൾ ഉടനെ തിരിച്ചു നല്കി പരിശോധനയിൽ തെററുപററിയിട്ടുണ്ടോ എന്നു പരിശോധിക്കുക.

ഈ പരിപാടി പ്രാവർത്തികമാക്കണം എങ്കിൽ പോലും പല സൗകര്യങ്ങളും സംവിധാനക്രമങ്ങളും ചെറിയ സാമ്പത്തിക ബാധ്യതകളും വേണ്ടിവരും. പക്ഷേ വിദ്യാഭ്യാസത്തിന്റെ ഏററവും കാതലായ അംശത്തിനുവേണ്ടി അത്രയും പ്രവർത്തനവും ധനവും അത് മററു പലതിനും വേണ്ടിവരുന്നതിന്റെ വളരെ ചെറിയ അംശം മാത്രമായിരിക്കും എന്ന് ഓർക്കുക. സമാഹരിക്കാൻ കഴിയില്ല എങ്കിൽ വിദ്യാഭ്യാസമേ നല്കേണ്ടതില്ല എന്നുവയ്ക്കുകയാവും ഭേദം.

ഇവിടെ പറഞ്ഞത് ഒരു പ്രത്യേക തന്ത്രം മാത്രം. സൗകര്യാനുസരണം വിശ്വാസ്യമായ സമാനരീതികൾ സംവിധാനം ചെയ്ത് നടപ്പിലാക്കാം. ഇതു ഒരു പതിവ് പരിപാടിയാകുമ്പോൾ വിദ്യാർത്ഥികളും അധ്യാപകരും അതുമായി ഇണങ്ങിച്ചേരും. അപ്പോൾ ക്രമേണ വസ്തുനിഷ്ടമായ മററുജാതി ചോദ്യങ്ങൾ നൽകിതുടങ്ങാം. മററു മേഖലകളിലെ വികസനത്തിന്റെ മൂല്യനിർണ്ണയവും ഈ പരിപാടിയിൽ സാവധാനം ഉൾപ്പെടുത്താം.

വിശ്വാസ്യമായ ഇത്തരം ആന്തരിക പരീക്ഷകൾക്ക് അർഹമായ ആപേക്ഷിക പ്രാധാന്യം നൽകികൊണ്ട് വിദ്യാർത്ഥികളുടെ വികസനത്തിന്റെ മൂല്യം അന്തിമമായി നിർണ്ണയിക്കുമ്പോൾ അത് സമഗ്രമാകും. വികസനത്തിന്റെ

ശരിയായ തെളിവായി പരീക്ഷ പരിവർത്തനം ചെയ്യപ്പെടും. പുറമെ തുടർച്ചയായ പരീക്ഷാ പഠനത്തിന് വേണ്ടി പ്രേരണയായി വർത്തിക്കും. നേരത്തേ കണ്ടതുപോലെ, പഠനബോധനങ്ങളുടെ കാര്യക്ഷമതവർധിപ്പിച്ച് വികസന പ്രക്രിയയെന്ന വിശേഷണത്തിന് വിദ്യാഭ്യാസത്തെ അർത്ഥമാക്കാനും പരീക്ഷാപരിഷ്ക്കരണം സഹായകമാകും.

ചില സൂചനകൾ മാത്രമെ ഇവിടെ നൽകുന്നുള്ളു. വിശദമായ പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്. അതിന് ഇത്തരം ഒരു മാററത്തിന്റെ അടിയന്തിരാവശ്യം വേണ്ടപ്പെട്ടവർക്കു ബോധ്യപ്പെടുകയാണ് ആദ്യം വേണ്ടത്. അതു വിശ്വാസ്യമായ രീതിയിൽ ചെയ്യാൻ ആവശ്യമായ നിപുണതയും മൂല്യബോധവും ആർജിക്കുകയും ആ വിശ്വാസ്യതയെ സാധൂകരിക്കത്തക്കവണ്ണം വിദ്യാർത്ഥികളുടെ സഹകരണത്തോടെ പരിപാടികൾ സമർത്ഥമായി ആവിഷ്കരിക്കുകയുംവേണം.

ഏതായാലും ഒരു കാര്യം തീർച്ച.. പരീക്ഷയെ ഇന്നത്തെപ്പോലെ ഭീതിജനകമായ ഒരു യക്ഷിയുടെ സ്ഥാനത്തു പ്രതിഷ്ഠിച്ച് ആരാധിക്കാതെ അവിടെനിന്ന് ഇളക്കിമാററുകയും വിദ്യാഭ്യാസമെന്ന വികസനപ്രവർത്തനത്തിന് ഊർജ്ജം പകരുമാറ് അനുസ്യൂതവും സമഗ്രവുമായ മൂല്യനിർണ്ണയപരിപാടിയായി അതിനെ മാററുകയും ചെയ്തില്ല എങ്കിൽ നഷ്ടം രാഷ്ട്രത്തിനായിരിക്കും, അത് ഉണ്ടാകാതിരിക്കട്ടെ.

□

എ കെ പി സി ടി എ

# സംസ്ഥാന സമ്മേളനത്തോടൊപ്പം അഞ്ചു സെമിനാറുകൾ

കോഴിക്കോട്ടു നടക്കുന്ന എ കെ പി സി ടി എ 36 ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് അഞ്ച് സെമിനാറുകൾ സംഘടിപ്പിക്കുന്നു. പ്രോവിഡൻസ് കോളജിൽ നടക്കുന്ന സെമിനാറിന്റെ വിഷയം 'Social Utility of Women's Higher Education' ആണ്. ഇന്ത്യൻ വിദ്യാഭ്യാസം പുതിയ സാമ്പത്തിക നയത്തിന്റെ വെളിച്ചത്തിൽ, സ്വാശ്രയ കോളേജുകൾ, Democratisation and Governance in Higher Education, കരിക്കുലം & സിലബൈ ഡവലപ്മെൻറ് എന്നിവയാണ് സെമിനാറിലെ മററുവിഷയങ്ങൾ. ഡോ. വെങ്കിടേശ് ആർത്രേയ, ഡോ. ആർ. ഉണ്ണികൃഷ്ണപിള്ള, ഡോ. നടദുവരി, എം. എൻ. വിജയൻ, ഡോ. ആർ. വി.ജി മേനോൻ, ഡോ. ഇക്ബാൽ, ഡോ. മൈക്കിൾ തരകൻ, സി. പി. നാരായണൻ, ഒ. എ. ശങ്കരൻ, ഡോ. രാജൻ ഗുരുക്കൾ, ബിനോയ് വിശ്വം, ഡോ. കെ. കെ ജോർജ്, കെ. എൻ. ബാലഗോപാൽ ഡോ. എം. എൻ. കാരശ്ശേരി ഡോ. രാഘവ വാരിയർ, ഡോ. ആർ. വിശ്വനാഥൻ, ഡോ. കെ. ഉണ്ണിക്കൃഷ്ണൻ, ഡോ. കെ. എൻ. ഗണേശ്, സിസ്ററർ കാർമീലം സിസ്ററർ ഇനാരംഡ, സിസ്ററർ. ഓമർ, ഡോ. സ്നേഹപ്രഭ, പ്രൊഫ. പ്രേമജം, പ്രൊഫ. മാമ്മൻവർക്കി, പ്രൊഫ. ജോയ് കുളവേലി, പ്രൊഫ. ജി. മാധവൻ നായർ എന്നിവരാണ് വിവിധ സെമിനാറുകളിൽ പങ്കെടുക്കുന്നവർ.

# എകെപിസിടിഎ
## തിരുവനന്തപുരം ജില്ലാ സമ്മേളനം

എകെപിസിടിഎ തിരുവനന്തപുരം ജില്ലാ സമ്മേളനം ഫെബ്രുവരി 19-ന് എം. ജി. കോളേജിൽ വച്ചു നടന്നു.

ജില്ലാ പ്രസിഡണ്ട് പ്രൊഫ. കെ. എൽ. വിവേകാനന്ദൻ പതാക ഉയർത്തിയതോടെ സമ്മേളന പരിപാടികൾ ആരംഭിച്ചു. ശ്രീ. ജോണി കെ. ജോൺ രക്തസാക്ഷി പ്രമേയം അവതരിപ്പിച്ചു. എൻ.എഫ്.പി. ടി.ഇ. അസിസ്റ്റൻറ് ജനറൽ സെക്രട്ടറി സ: ജി. മധുസൂദനൻ നായർ സമ്മേളനം ഉദ്ഘാടനം ചെയ്തു. എൽ. ഐ. സി. എംപ്ലോയീസ് യൂണിയൻ പ്രസിഡണ്ട് ശ്രീ. കെ.എസ്. റിച്ചാർഡ്സ് സമ്മേളനത്തിന് അഭിവാദ്യമർപ്പിച്ചു. ടെലികമ്മ്യൂണിക്കേഷൻ, എൽ.ഐ.സി., ബാങ്കിംഗ് എന്നീ മേഖലകളിലേക്ക് വിദേശകുത്തകകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും യഥേഷ്ടം കടന്നുവരാൻ അവസരം നൽകുന്ന കേന്ദ്രസർക്കാരിൻെറ പുത്തൻ സാമ്പത്തിക നയം ഈ മേഖലകളുടെ തകർച്ചക്ക് വഴി വയ്ക്കുമെന്നും നമ്മുടെ സ്വാശ്രയത്വം നശിപ്പിക്കുമെന്നും പ്രസംഗകർ ചൂണ്ടി കാട്ടി. ഈ നയം നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന അപകടകരങ്ങളായ പ്രവണതകളെക്കുറിച്ചും അവർ പരാമർശിച്ചു. കേന്ദ്രനയത്തിന് അനുസൃതമായി കേരള സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പരിഷ്ക്കാരങ്ങൾ ഉന്നത വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെടുന്ന സമസ്ത വിഭാഗങ്ങളുടേയും താൽപ്പര്യങ്ങൾക്ക് ഹാനികരമാണെന്നും ഇതിനെതിരെ ശക്തമായ ചെറുത്തു നിൽപ്പ് അനിവാര്യമാണെന്നും അവർ മുന്നറിയിപ്പു നൽകി. ജനറൽ സെക്രട്ടറി പ്രൊഫ. കെ. സദാശിവൻനായർ, കോളേജധ്യാപകർ അഭിമുഖീകരിക്കുന്ന ദുർഘടപൂർണ്ണമായ സാഹചര്യങ്ങൾ പരാമർശിക്കുകയും സമ്മേളനത്തിന് ആശംസകളർപ്പിക്കുകയും ചെയ്തു. പ്രൊഫ. ഡി. തോമസ് സ്വാഗതവും പ്രൊഫ. ജെ. ചന്ദ്ര കൃതജ്ഞതയും പറഞ്ഞു. തുടർന്ന് ജില്ലാ സെക്രട്ടറി പ്രൊഫ. ആർ. മോഹനകൈമൾ മുൻ വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

ഉച്ചയ്ക്കുശേഷം നടന്ന സമ്മേളനത്തിൽ വച്ച് സർവീസിൽ നിന്നും വിരമിക്കുന്ന സംഘടനാ പ്രവർത്തകർക്ക് ഊഷ്മളമായ യാത്രയയപ്പു നൽകി. പ്രൊഫ. സുന്ദരേശൻ നായർ അദ്ധ്യക്ഷനായിരുന്നു. മുൻ സിൻഡിക്കേററംഗം പ്രൊഫ. പി. നരേന്ദ്രൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രൊഫ. ടി. എൻ. രാമൻപിള്ള, എം.ജി. കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഹരികുമാരൻ നായർ, പ്രൊഫ. അർ. മോഹൻകുമാർ, പ്രൊഫ. ആർ. രവീന്ദ്രൻ നായർ, പ്രൊഫ. പി. ഗോപിനാഥൻ നായർ എന്നിവർ സർവീസിൽനിന്നും വിരമിക്കുന്ന മുൻ ജനറൽ സെക്രട്ടറി പ്രൊഫ. ജി. മാധവൻ നായരും (എ.ടി.എം. ധനുവച്ചപുരം) പ്രൊഫ. ടി. കെ. മുകുന്ദനും (എസ്.എൻ. കോളേജ് വർക്കല) സംഘടനയ്ക്ക് നൽകിയ വിലപ്പെട്ട സേവനങ്ങൾ അനുസ്മരിച്ചുകൊണ്ട് അവർക്ക് ആശംസകളർപ്പിച്ചു. പ്രൊഫ. എസ്. ശിവൻ സ്വാഗതവും ശ്രീ. പുഷ്പാംഗദൻ കൃതജ്ഞതയും പറഞ്ഞു.

പ്രവർത്തന റിപ്പോർട്ടിൻമേലുള്ള ചർച്ചയിൽ വിവിധ ബ്രാഞ്ചുകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

എ കെ പി സി ടി എ — എ കെ ജി സി ടി സംഘടനകളുടെ നേതൃത്വത്തിൽ തൃശ്ശൂർ നടന്ന സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം.

Dr. G. KARTHIKEYAN*

# EXAMINATION REFORMS

A large number of committees and commissions have deliberated in the past on the examination system followed in the universities of our country. Several seminars and symposia have been held by various agencies at the regional and national levels and many recommendations and plans of action were submitted to the authorities and also to the Government for implementation Inspite of all these deliberations our universities are yet to follow a uniform system of evaluation for assessing the level of attainment of students. This system varies from State to State, University to University and also College to College. This naturally brings difficulties in proper assessment of the capabilities of students in a broader level.

The present system of evaluation in most of our Universities gives more credibility to external examinations, conducted at the end of the year or at the end of a semester period. Here evaluation is done by teachers, who just only award marks to the answers provided in the answer scripts. This neither represents the level of achievement of the student in a particular discipline nor his aptitude, capacity for hard work, quality of imagination, skill or motivation. Universities or colleges should give less credibility to the evaluation of a student on the basis of a terminal examination. Instead a cumulative form of assessment of students through continuous monitoring of his talent comphrehension etc and also through periodical and regular examinations conducted by his teachers should form a strong base of evaluation. According to the report of the Education Commission 1964-65, "the crippling effect of external examinations on the quality of work in higher education is so great that the examination reform has become crucial to all progress: and has to go hand in hand with the improvements of teaching".

Institutions preparing students for degrees should hold examinations/assessment as an integral part of their teaching programme. Infact, teaching, learning and evaluation are inseparably, linked together. The evaluation is an essential link to feed back information, which is very important for further teaching.

## Internal assessments

In the evaluation of a student's performance, his record in the college should carry some weight. The evaluation should not depend entirely on the result of a single examination. The introduction of internal assessment is an important step towards the integration of teaching learning and evaluation.

* Professor of Chemistry, Gandhigram Rural Institute, Gandhigram, Tamil Nadu.

At present the performance of students in University examination is judged entirely on the basis of end of course examinatinos. This does not have any feedback on teaching and learning. Besides, such examinations usually test the ability of the student to recall facts and information. The internal assessment scheme will enable to test other skills and objectives like the application of knowledge, conceptualization, analysis and synthesis.

An internal assessment, however, depends on cumulative scores over a considerable period of time. It is based on tests which may differ radically from those which enter into conventional examination. The main purpose is to integrate teaching and evaluation and to test those skills and abilities which cannot be tested through a written examination at the term or course. For this purpose, the assessment should be properly diversified so that through it we can test the writing ability of the student, his capacity to do field work or project work or laboratory practicals, his participation in seminars, quizes, tutorial etc. The performance of students should serve as a feedback for improving the contents of courses, methods of teaching and the teaching-learning process in general.

It should be clearly understood that internal assessment is not meant to enforce discipline. Its purpose is entirely academic to encourage students to apply themselves assiduously to their studies and to enable the teachers to realise the effectiveness of teaching - learning process.

The introduction of internal assesment will increase the responsibility of teachers in regard to evaluation and new methods of teaching and assessment. Teachers have therefore to be prepared to shoulder this responsibility. It is necessary to involve the students and teachers in the basic philosophy that should inspire and inform the scheme of internal assessment. A few safeguards as given below are suggested to avoid the misuse of this scheme in the evaluation of the performance of students.

* Internal assessment may be tried out atleast to begin within the unitary universities, well established postgraduate departments and autonomous colleges, before it is extended to affiliating universities or to the undergraduate stage of education.

* It is necessary that the marks or grades obtained by the students are made known to them immediately after evaluation is completed. Correction of the answer scripts of students and the discussion of the performance of students with the students should save as a feedback during this process. Candidates who wish to represent against the grade awarded to them should be given an opportunity to doso, ie., revaluation may be done if necessary.

* The work or test papers or the assignment on which assessment is made should be returned to the students promptly so that they can compare the grading if they wish. They may approach the teachers if necessary to explain to them how a particular grade is awarded.

* The records of internal assessement should be maintained so that a proper scrutiny or statistical analysis can be carried out In so far as practical work is concerned

assessment should be a continuous process and there is no need for end of course practical examination. The marks in practicals in science should be shown separately on a certificate.

* Teachers should not be allowed to take up private tuitions otherwise the scheme of internal assessment will not work in view of vested interests. Internal assessments should be based on concrete performance as far as possible.
* In case a student is not satisfied with his grade the head of the department may look into the complaint. A small committee could also be formed to dispose of such complaints judiciously and expeditiously.
* The general level of grading could be reviewed periodically, Review committes could be formed to monitor these scheme of internal assessment.

## Concept of Question Banks

An examination is meant to assess the standards of achievement attained by a student in a subject. The student is required to study a prescribed syllabus of a particular topic and the current system of examination does not provide an opportunity for the student to know how he is going to be examined. This can be best indicated by providing the student with a large number of questions on diffefent portions of the prescribed syllabus. All such questions put together constitute a question bank. Creation of a question bank for each unit of a subject paper will help in obtaining uniformity of standards in question papers, even if questions are being set up by various examiners belonging to different institutions.

## Operation of Question Bank Scheme

The examining body appoints a board of experts to prepare a Question Bank. This board can examine the syllabus and assign the duration of the question paper. The board may also decide the number of questions required to be answered in the examination within the stipulated time. On the basis of this uumber, the prescribed syllabus is divided into a number of units. Thus if five questions are to be answered in the question paper, the syllabus is divided into five units. Then the teachers who are teaching the subjects are invited to set questions and prepare model answers to these questions. For the questions accepted for inclusion in the question bank, the teachers are paid honorarium by the Institution.

